മായും സ്ഥിരമായ വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നു. കൂടാതെ നാശനഷ്ടം സംഭവിച്ച മുഴുവൻ റോഡുകളും പുനർ നിർമ്മിക്കുന്നതിനും അത്യാവശ്യമാണെന്ന് കാണപ്പെട്ട 3 പാലങ്ങൾ നിർമ്മിക്കുന്നതിനും കൂടിവെള്ള വിതരണ സംവിധാനം അറ്റകുറ്റ പണികൾ നടത്തി മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി വിതരണ സംവിധാനം അറ്റകുറ്റ പണികൾ നടത്തി മെച്ചപ്പെടുത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നാശനഷ്ടം സംഭവിച്ച അംഗനവാടികൾ, സ്കൂളുകൾ, പ്രൈമറി ഹെൽത്ത് സെന്റർ എന്നീ പൊതു സ്ഥാപനങ്ങൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സുനാമി ദുരന്ത മേഖലയിൽ കഴിയുന്നത്ര വികസന പ്രവർത്തനങ്ങൾ നടത്തണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

(ഇ) അത് ലഭ്യമായിട്ടില്ല. എ. ഡി. ബി. യിൽനിന്നും 68.26 ദശലക്ഷം യു. എസ്. ഡോളർ ധനസഹായം അനുവദിച്ചിട്ടുണ്ട്. അതിൽ 32.46 ദശലക്ഷം യു. എസ്. ഡോളർ വായ്പയായും ബാക്കി തുക ഗ്രാന്റായും ആണ് ലഭിക്കുന്നത്.

(എഫ്) പുനരധിവാസ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സുനാമിബാധിത പ്രദേശത്ത് അധിവസിച്ചിരുന്നവർ എടുത്ത ബാങ്ക് വായ്പ

167. [936] ശ്രീ. സി. പി. മുഹമ്മദ് :

ശ്രീമതി മേഴ്സി രവി :

പ്രൊഫസർ എ. ഡി. മുസ്തഫ :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമിബാധിത പ്രദേശത്ത് അധിവസിച്ചിരുന്നവരെടുത്ത ബാങ്ക് വായ്പ തിരിച്ചടയ്ക്കാത്തതിനാൽ അവരുടെ വസ്തുവകകൾ ജപ്തി നടപടിക്കു വിധേയമാക്കുന്നുണ്ടോ ;

(ബി) അവർ എടുത്ത വായ്പകൾ എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(സി) അവരുടെ വൈദ്യുതി ചാർജും, വാട്ടർ ചാർജും റവന്യൂ റിക്കവറി മുഖേന ഈടാക്കാൻ ബന്ധപ്പെട്ടവർ നടപടിയെടുക്കുന്നുണ്ടോ ;

(ഡി) ചാർജടക്കാത്തതിന്റെ പേരിൽ അവരുടെ ടെലഫോൺ ഡിസ്കണക്ട് ചെയ്യാൻ നടപടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്രകാരമുള്ള ഋണബാദ്ധ്യതയിൽ നിന്നും അവരെ ഒഴിവാക്കുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ, ബി, സി, ഡി ആന്റ് ഇ) വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ റിക്കവറി കേസുകളിൽ പെട്ടെന്ന് തീരുമാനമെടുക്കുവാൻ നടപടി

168. [937] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

„ പ്രയാർ ഗോപാലകൃഷ്ണൻ :

ശ്രീമതി മേഴ്സി രവി :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ റിക്കവറി കേസുകൾമൂലം എന്തു തുക സർക്കാരിന് ലഭിക്കാതെയുണ്ടെന്ന് വ്യക്തമാക്കുമോ ; ഏതുകാലം മുതലുള്ള റവന്യൂ റിക്കവറി കേസുകളാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) ഈ കേസ്സുകളിൽ എത്രയെണ്ണത്തിന് എതിർ സത്യവാങ്മൂലം കൊടുക്കാനുണ്ട്;

(സി) റവന്യൂ റിക്കവറി കേസ്സുകളിൽ പെട്ടെന്ന് തീരുമാനമെടുക്കുവാൻ സഹായകമായ എന്തെല്ലാം നടപടികളെടുക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 293.85 കോടി രൂപ. 1970 മുതലുള്ള കേസ്സുകളാണ് ഇപ്പോൾ നിലവിലുള്ളത്.

(ബി) 730 എണ്ണം.

(സി) റവന്യൂ റിക്കവറി കേസ്സുകൾ മാത്രം കൈകാര്യം ചെയ്യാൻ ഒരു സ്പെഷ്യൽ ബഞ്ച് സ്ഥാപിച്ചുകിട്ടുന്നതിന് അഭ്യർത്ഥന നടത്താനും, കാലപ്പഴക്കം ചെന്ന വൻതുകകൾ ഉൾപ്പെട്ട കേസ്സുകൾക്ക് മുൻഗണന നൽകി അവർക്ക് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്ത് കേസ് തീർപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാനും 27-5-2005-ൽ അഡ്വക്കേറ്റ് ജനറലും, ജില്ലാ കളക്ടർമാരും, ഗവൺമെന്റ് പ്ലീഡർമാരുമായും കൂടിയ ജോയിന്റ് മീറ്റിംഗിൽ തീരുമാനമെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly